**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1652** **04.12.2018 ൽ മറുപടിയ്ക്ക്**

**മാംഗോ ഹബ്ബ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ. ബാബു** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) നെന്മാറ മണ്ഡലത്തിൽ അനുവദിച്ച മാംഗോ ഹബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;<br><br>ബി) മാംഗോ ഹബ്ബിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;<br><br>സി) മാംഗോ ഹബ്ബിന്റെ ഭാഗമായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അവയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ? | എ) ബി) & സി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരളയുടെ ആഭിമുഖ്യത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ), പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം ഏഴ് കോടി രൂപയുടെ ചുവടെ ചേർക്കുന്ന പദ്ധതികളാണ് മുതലമടയിലും സമീപ പഞ്ചായത്തുകളിലും മാവ് കൃഷി വികസനത്തിനായി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്<br>1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം നടപ്പിലാക്കുന്ന എം.ഐ.ഡി.എച്ച് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് നെഴ്സറി, പ്രീ കൂളിംഗ് യൂണിറ്റ്, ശീതീകരണ സ്റ്റോറേജുകൾ, സംസ്കരണ യൂണിറ്റുകൾ, ഗ്രാമീണ വിപണികൾ, ചില്ലറ വില്പന ശാലകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക് തുടങ്ങിയവ നടപ്പിലാക്കും.<br>2. പാലക്കാട് ജില്ലയിൽ RKVY ഫണ്ട് വിനിയോഗിച്ചുകൊണ്ട് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 275 ലക്ഷം രൂപയുടെ പദ്ധതിയായ "A Pilot Project Proposal for the Improvement of Mango cultivation" ന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിള വിസ്തൃതി വർദ്ധിപ്പിക്കൽ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണം, |

പാക്ക് ഹൗസുകൾ, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, പ്രദർശന തോട്ടങ്ങൾ, റൈപ്പനിംഗ് ചേമ്പറുകൾ എന്നിവ മാവ് കൃഷി വികസനത്തിനായുള്ള പദ്ധതി ഘടകങ്ങളാണ്.

3. പി.കെ.വി.വൈ- ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ് (PGS) സർട്ടിഫിക്കേഷനിലൂടെ ജൈവകൃഷി 1760 ഹെക്ടറിൽ (50 ഏക്കർ വിസ്തൃതിയുള്ള 88 ക്ലസ്റ്ററുകൾ) മാവ് കൃഷിയ്ക്കു വേണ്ടി നടപ്പിലാക്കും. (മുതലമട- 68, പട്ടാഞ്ചേരി- 20).
4. പി.എം.കെ.എസ്.വൈ- അതർ ഇന്റർവെൻഷൻ പദ്ധതിയിൽ വ്യക്തിഗത ജലസംഭരണികൾ, കുഴൽ കിണറുകൾ, കുളങ്ങളുടെ നവീകരണം, പമ്പ് സെറ്റുകൾ തുടങ്ങിയവയും കണിക-സ്പ്രിംഗ്ലർ ജലസേചന പദ്ധതിയും നടപ്പിലാക്കും.

മുതലമട ഫാമിൽ മാംഗോ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Mayap

**സെക്ഷൻ ഓഫീസർ**